# കമലദളം

## ഡിജിറ്റൽ മാസിക



## ജോൺ മെമ്മോറിയൽ ഹൈസ്കൂൾ കോട്ടകുളഞ്ഞി

## ചെങ്ങന്നൂർ

## ലിറ്റിൽ കൈറ്റ്സ് സംരംഭം

# നാന്ദി കുറിപ്പ്

*ചെങ്ങന്നൂർ താലൂക്കിലെ ഒരു കൊച്ചുഗ്രാമം. പ്രകൃതിദേവി കനിഞ്ഞനുഗ്രഹിച്ച*
*ഗ്രാമീണ സൗന്ദര്യത്തിന് സമസ്തഭാവങ്ങളും ഹൃദയസ്പൃക്കായി ആവാഹിച്ച ആ നാടിന്റെ നാമം കോട്ടുകുളഞ്ഞി .72 വർഷമായി ഈ നാടിന്റെ തിലകക്കുറിയായി*
*ശോഭിക്കുന്ന സരസ്വതി ക്ഷേത്രമാണിത് .കോട്ടുകുളഞ്ഞി ഗ്രാമത്തിൻറെ സാമൂഹ്യ -സാംസ്കാരിക -വിദ്യാഭ്യാസ -കായിക -കലാരംഗങ്ങളിൽ* ***ജെ എം ഹൈസ്കൂൾ***
*നിർണായകസ്ഥാനം വഹിച്ചിട്ടുണ്ടെന്ന വസ്തുത പകൽ പോലെ വ്യക്തമാണ് . പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ നമ്മുടെ വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്.*
*പരിമിതമായ സൗകര്യങ്ങളിൽ ഉപ ജില്ലാ- സംസ്ഥാന തലങ്ങളിൽ മികവു പ്രകടിപ്പിച്ച കുട്ടികൾ അവർക്ക് താങ്ങും തണലുമായി വർത്തിച്ച അധ്യാപകർ രക്ഷാകർത്താക്കൾ എല്ലാവരെയും അഭിനന്ദിക്കുന്നു.*
*ലിറ്റിൽ കൈറ്റ്സ് തയാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് സ്നേഹാശംസകളോടെ*

*ആൽബിൻ ജെറാൾഡ്*
*എഡിറ്റർ*

# ഉള്ളടക്കം


- അനാഥൻ
- സുനാമി
- ജീവിതയാത്ര
- ഉമ്മാച്ച
- അമ്മായി മരിച്ച
- അകലുന്ന സ്നേഹം
- ഒരു മയിൽ പീലിയുടെ ഓർമ്മയ്ക്ക്
- മൂല്യാധിഷ്ഠിത വിദ്യാഭ്യാസം -ആവശ്യകതയും പ്രസക്തിയും
- പൂനിലാവ്
- പ്രകൃതി സംരക്ഷണം
- വെള്ളപ്പൊക്കത്തിൽ
- പഴഞ്ചൊല്ലുകൾ
- ബാലവേല
- സുന്ദര ഭാരതം

# <u>ആശംസ</u>

**ഉഷ ജെ**
**എച്ച് എം**
**ജെ എം എച്ച് എസ്സ്**
**കോട്ടുകുളഞ്ഞി**

കുട്ടികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഉറപ്പിക്കുന്നതിനുള്ള വിവിധ കർമപദ്ധതികളും വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കുട്ടികൾക്ക് വിവരസാങ്കേതികവിദ്യയിൽ താത്പര്യവും അറിവും വളർത്തി പഠനപ്രവർത്തനങ്ങൾ കാര്യക്ഷമവും രസകരവും ആക്കാൻ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സ്' നമ്മുടെ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാസികയ്ക്ക് ഹൃദയംനിറഞ്ഞ ആശംസകളും അതിന് പിന്നിൽ അക്ഷീണം പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും അഭിനന്ദനങ്ങളും നേരുന്നു.


**സ്നേഹാശംസകളോടെ**

**ഉഷ ജെ**

# ***അനാഥൻ***

പാവം പാവം പ്ലൂട്ടോ
നമ്മുടെ സ്വന്തം പ്ലൂട്ടോ
സൗരയൂഥത്തിൽ നിന്നും
പുറത്താക്കപ്പെട്ടല്ലോ.

പ്ലൂട്ടോയ്ക്ക് പകരം
ജൂബി പിടിച്ചു സ്ഥാനം
പ്ലൂട്ടോയ്ക്ക് വിഷമം
സൗരസ്ഥാനം പോയല്ലോ.




സീറ്റ് നഷ്ടപ്പെട്ടല്ലോ,
ക്ളാസും നഷ്ടപ്പെട്ടല്ലോ,

പ്ളൂട്ടോ കരഞ്ഞു പോകുന്നു
ജൂബി ചിരിച്ചു രസിക്കുന്നു.

മിഥുല എം
IX B

# സുനാമി

ആർത്തുലച്ചുവരും തിരകളേ,
ലോകം വിഴുങ്ങും തിരകളേ

ആരാണ് നിന്നെ അയച്ചത്?
കടലമ്മയാണോ നീ പറയൂ.



ഞങ്ങൾ നിൻ ഓമന മക്കളല്ലേ;
ഞങ്ങൾക്ക് നീ എന്നുമാശ്രയമേ,

തീരത്ത് പാർക്കുമീ പാവങ്ങൾക്ക്
നീയല്ലേ  അമ്മയും, ദൈവവും.

നീ കോപിതയായിത്തീർന്നിടുമ്പോൾ
ഈ കടൽതീരം ശ്മശാനമായ്

ആർത്തലച്ച വരുന്നൊരു നിന്നോട്
പൊരുതി  ജയിക്കാൻ ആരുമില്ല,

ഇനിയും നീ കോപിതയായിടല്ലേ,
എൻ അരുമയാം സ്നേഹസാഗരമേ

ശ്രീലക്ഷ്മി ആർ
IX B

# ജീവിതയാത്ര

കരുത്തരാവിൽ പിറപോലിരുണ്ടീടുന്ന മേഘങ്ങൾ,
കാട്ടുപോത്തിൻ പറ്റംമേയും നീലമലകൾ.

കൊറ്റിയും കുളക്കോഴിയും മൺമറഞ്ഞ മലനാടിൻ
കഥയോതും  പുഞ്ചനെൽപ്പാടങ്ങളും,

അന്തിത്തിരി കത്തിക്കാളും ഭദ്രകാളി വിഗ്രഹം,
ചുറ്റും കുറവരും കുറത്തികളും.

നാടും വീടുമിട്ടെറിഞ്ഞിട്ടൂരു  തെണ്ടാൻ പോയനേരം
ഓർത്തതില്ലെൻ താതനേയും ജനനിയെയും

ഓർത്തുപോകുന്നു ഞാനെൻെറ  തെറ്റുകളും കുറ്റങ്ങളും
എന്തിനിത്ര കഠിനമായി തെറ്റു ചെയ്തു  ഞാൻ

ശതവർഷം കഴിഞ്ഞൊരാ കിഴവൻ കരിനൊച്ചിയും
കളിചിരിയിൽ മുഴുകും വെളുത്തപൂഴി.

കടൽക്കാറ്റും കൈതപ്പൂവും കുടെക്കളിച്ചൊട്ടുമാവും
കരണത്തടിക്കും പോലെ  ചോദിച്ചീടുന്നു



പിറന്ന നാടും വീടുമിട്ടെറിഞ്ഞനാടുതാണ്ടി
പോയിട്ടെന്തു നേടി? നീ ഇത്രയും കാലം

പശ്ചാത്താപ പാരവശ്യ നിമിഷത്തിലെന്മുഖം
പച്ചിലപോലെ വളഞ്ഞു കുനിഞ്ഞുപോയി...

അഭിജിത് അശോക്

IX B

# ഉമ്മാച്ചു
## *ഉറൂബിന്റെ മാനസപുത്രി*

മലയാള നോവൽ, ചെറുകഥ സാഹിത്യരംഗത്ത് ഒരുപോലെ സർഗ്ഗധനനായ സാഹിത്യകാരനാണ് 'ഉറൂബ് 'നാമത്തിലറിയപ്പെടുന്ന പി സി കുട്ടികൃഷ്ണൻ. വിപുലമായ ക്യാൻവാസിൽ സാമൂഹ്യ ചലനങ്ങൾ ഭാവസുഭഗമായി ആവിഷ്കരിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. മനുഷ്യപ്രകൃതിയുടെ ഭിന്നതലങ്ങളെ സ്പർശിക്കുന്ന ഉറൂബിന്റെ നോവലുകൾ .മാനുഷിക ബന്ധങ്ങളുടെ മനോജ്ഞ ചിത്രീകരണങ്ങൾ കൂടെയാ അവ. 'ഉമ്മാച്ചു' ,'സുന്ദരികളും സുന്ദരന്മാരും' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന നോവലുകൾ.

മനുഷ്യമനസ്സിന്റെആഴങ്ങളിലേക്ക് യാത്രചെയ്യാനുള്ള ഒരു സാഹിത്യകാരന്റെ കൗതുകം വ്യക്തമാക്കുന്ന നോവലാണ് ഉമ്മാച്ചു. മായന്റെയും ഉമ്മാച്ചുവിന്റെയും പ്രണയജീവിതം കേന്ദ്രമാക്കി രചിച്ച പ്രസ്തുത കൃതിയിൽ രണ്ട് തലമുറകളുടെ കഥയാണുള്ളത്.ഉറൂബിന്റെ ഏറ്റവും ശക്തമായ കഥാപാത്രമാണ് ഉമ്മാച്ചു .

പുറമേ ശാന്തമായ ജീവിതത്തിന്റെ ആഴങ്ങളിൽ അലയടിക്കുന്ന വികാര സമുദ്രമാണ് ഉമ്മാച്ചു ആവിഷ്കരിക്കുന്നത്. ഉലയിൽ പഴുപ്പിച്ച് കാച്ചി പാകപ്പെടുത്തിയ ഈ കഥാപാത്രത്തിന്റെ വ്യക്തിത്വത്തിനു ചുറ്റും പറന്നു നടക്കുന്നവരാണ് മറ്റു കഥാപാത്രങ്ങൾ.


ഉമ്മാച്ചു സ്നേഹിച്ചത് മായനെയാണ്. ഉമ്മാച്ചുവിനെ നഷ്ടപ്പെടുമെന്ന് ആയപ്പോൾ മായൻ നാടുവിട്ടു. അവൾ ബീരാനെ വിവാഹം കഴിച്ചു. അവർക്ക് ഒരു പുത്രനും ജനിച്ചു; അബ്ദു. വയനാട്ടിലെ അജ്ഞാതവാസം കഴിഞ്ഞ് തിരിച്ചെത്തിയ മായൻ ബീരാനേ കൊലപ്പെടുത്തി, ഉമ്മാച്ചുവിനെ സ്വന്തമാക്കി. അവർക്ക് രണ്ട് പുത്രന്മാരും ജനിച്ചു. കുട്ടിക്കാലത്തുതന്നെ ഉമ്മാച്ചു ആരാധിച്ചത് മായന്റെ

കരുത്തിനെ ആണ്. കുട്ടിക്കളികളിലെ തർക്കങ്ങളിൽ എന്നും അവൾ മായനോടൊപ്പം നിന്നു. ബീക്ക് മായനേ ബീക്ക് എന്നു മായനെ പ്രോത്സാഹിപ്പിച്ചു. യൗവനം ഉരസി വീഴുന്ന നക്ഷത്രങ്ങൾ പോലുള്ളമ കണ്ണുകളും ചുഴന്നു പരക്കുന്ന പരിമളവും ആയി ഉമ്മാച്ചുവിനെ ചന്തം വപ്പിച്ചപ്പോൾ അവൾ മായന്റെ കരുത്തിനെ കൂടുതൽ സ്നേഹിച്ചു. മനസ്സ് മൂടിവച്ച് ബീരാനേ ഭർത്താവാക്കിയപ്പോൾ  അയാൾ എത്ര തന്നെ സ്നേഹിച്ചിട്ടും എന്തോ പോരായ്മ അയാളിൽ അവൾ കണ്ടു. അത് മായന്റെതു മാത്രമായ ഉശിരിന്റെയും കരുത്തിന്റേയും കുറവായിരുന്നു. ബീരാന്റെ ചോരപുരണ്ട കൈകളുമായി മായൻ വീണ്ടും സമീപിച്ചപ്പോൾ ഉമ്മാച്ചു പഴയ കുട്ടിയായി. ഉശിരിനേയും തന്റേടത്തേയും സ്നേഹിക്കുന്ന കുട്ടി .പക്ഷേ അതോടെ അവളുടെ മനസ്സ് യുദ്ധക്കളമായി. ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു സ്ത്രീയുടെ വിചാരമണ്ഡലങ്ങളാണ് ഉമ്മാച്ചുവിലൂടെ അവതരിപ്പിക്കുന്നത്.

ചുരുക്കത്തിൽ കാമുകിയുടെ, ഭാര്യയുടെ ,അമ്മയുടെയോക്കെ സംഘർഷം ഉമ്മാച്ചു അനുഭവിക്കുന്നു. ഒപ്പം മനസ്സിന്റെ ഉള്ളറകൾ തുറക്കാനാവാത്ത സ്ത്രീത്വത്തിന്റെ നിസ്സഹായത, കുറ്റബോധം, നിരാശ്രയത്വം, ഇതൊക്കെ വ്യക്തമാക്കുന്നു  ഉമ്മാച്ചു.ഈ നോവലിന്റെ രചനയിൽ താൻ ചിന്തിച്ചത് ഒരു സ്ത്രീയുടെ മനസ്സിന്റെ ഉള്ളറകളെക്കുറിച്ച് മാത്രമാണെന്ന് ഉറൂബ് തന്നെ സൂചിപ്പിക്കുന്നുണ്ട്.

****************************

രജിത് കുമാർ റ്റി എൻ



# അമ്മായി മരിച്ചു

അമ്മായി മരിച്ചു ,പ്രായം എൺപതോട് അടുത്തുണ്ടായിരുന്നു എങ്കിലും സുന്ദരമായ ആ മുഖത്തിൽ പറയത്തക്ക വാട്ടമൊന്നും സംഭവിച്ചിരുന്നില്ല. നരച്ചമുടി മുഖത്തിൽ ഒരു മാലാഖയുടെ നിഷ്കളങ്കമായ സൗകുമാര്യം നൽകിയിരുന്നു. ആമുഖത്തെ ശാന്തത എൻറെ ബാല്യകാല സ്മരണകളിലേക്ക് എന്നെ കൊണ്ടുപോയി.

ദുഃഖത്തിന്റെയും പീഡനത്തിന്റെയും പ്രതീകമായാണ് അമ്മായിയുടെ ചിത്രം മനസ്സിൽ നിലനിന്നിരുന്നത്. ഒരു സ്ത്രീയായി ജനിച്ചാൽ ഇത്രമാത്രം കഷ്ടത, അവഗണന അനുഭവിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്? ഒരു ബാലനായിരുന്ന എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നമായിരുന്നു അത്. മധ്യവേനലവധിക്കാലത്ത് എന്റെ അമ്മയുടെ വീട്ടിൽ വന്ന് താമസിക്കുമ്പോഴാണ് അമ്മായിയെ കാണുന്നത്. അന്ന് അമ്മവീട്ടിൽ വരുന്നത് സ്വർഗീയമായ ഒരു അനുഭവമായിരുന്നു.

തൃശ്ശൂരായിരുന്നു എൻറെ പിതാവ് അധ്യാപകനായി ജോലി ചെയ്തിരുന്നത്. അവധി കിട്ടുന്ന അന്നുതന്നെ ഞങ്ങൾ യാത്രതിരിക്കും.. എറണാകുളം വരെ തീവണ്ടിയിൽ എറണാകുളത്തുനിന്നും രാത്രിയിൽ ചങ്ങനാശ്ശേരിക്ക് ബോട്ടിലാണ് യാത്ര. നേരം പുലരുമ്പോൾ ചങ്ങനാശ്ശേരിയിൽ എത്തും. പിന്നെ ബസ്സിൽ ചെങ്ങന്നൂരിലേക്ക്.

അമ്മയുടെ മൂത്ത അമ്മാച്ചന്റെ ഭാര്യയാണ് അമ്മായി. അമ്മായിയുടെ മകൻ ലോബു എൻറെ സമപ്രായക്കാരൻ ആണ്. എനിക്കുവേണ്ടി ശർക്കര മാമ്പഴവും മറ്റും പ്രത്യേകം കരുതിയിരിക്കും.

ഇളയ അമ്മാച്ചൻ അന്ന് വിവാഹം കഴിച്ചിട്ടില്ല. മുറ്റത്തു നിൽക്കുന്ന തൈത്തെങ്ങിൽ നിന്ന് കരിക്ക് ഇട്ടു തരുന്നത് അദ്ദേഹമാണ്. കരിക്കും ശർക്കരയും കൂട്ടി തിന്നുന്നതിന് രസം ഒന്ന് വേറെതന്നെയാണ്. അപ്പോഴേക്കും ലോബു കരിമ്പ് വെട്ടി കൊണ്ടുവന്നു കഴിഞ്ഞിരിക്കും. നല്ല മാർദ്ദവവും മധുരവുമുള്ള കരിമ്പ് ചെത്തി കഷണങ്ങളാക്കി ഞങ്ങൾക്ക് തരും. എന്നാൽ കരിമ്പ് കടിച്ചുകീറി തിന്നുന്നതാണ് രസം.

ഞങ്ങൾ കുട്ടികൾ ശർക്കര മാവിന്റെ ചുവട്ടിൽ പോയിരുന്നു കളിക്കും. ഇടയ്ക്കിടെ മാമ്പഴം വീഴുന്നത് കടിച്ചു തിന്നും. വലിയ മാവിൻചുവട്ടിൽ കുറെ കുട്ടികൾ ഉണ്ടാവും. ഒരു നല്ല മാമ്പഴം വീണുകിടക്കുന്നത് ഇന്നൊരു ലോട്ടറി കിട്ടുന്നതിലും വലിയ കാര്യമാണ്. ആറ്റിൽ പോയി കുളിയ്ക്കുന്നത് ഒരു വലിയ വിനോദമാണ്. വീട്ടിൽ നിന്നും ഒരു കിലോമീറ്റർ നടക്കണം ആറ്റുകടവിൽ എത്താൻ. പ്രായമായ ആരെങ്കിലും കൂടെയുണ്ടാകും. കൊണ്ടുവന്ന തുണിയെല്ലാം അലക്കി കഴിയുന്നതുവരെ ഞങ്ങൾ വെള്ളത്തിൽ കിടന്ന് കളിയാണ്. ആറിന്റെ മധ്യഭാഗത്ത് ഒരു മണൽതിട്ട കാണും. വേനൽക്കാലത്ത് കൊട്ടാരവും റോഡും പാലവുമൊക്കെ ഉണ്ടാക്കുന്നത്, എത്ര ഉത്സാഹത്തോടെ കൂടെയാണെന്നോ. കൃഷിയിറക്കുന്ന സമയമാണെങ്കിൽ വലിയ ജോലിത്തിരക്കാണ്.

അമ്മാച്ചൻ അതിരാവിലെ പാടത്ത് ഉഴാൻ പോവും. ജോലിക്കാർ ആരെങ്കിലും കൂടെ ഉണ്ടാകും. രാവിലത്തെ ഭക്ഷണം പാടത്ത് കൊണ്ടുപോയി കൊടുക്കണം. ഞങ്ങൾ കുട്ടികൾക്ക് പാടത്തു പോകാനുള്ള അവസരമാണിത്. മിക്കപ്പോഴും പഴങ്കഞ്ഞിയും കറികളും ആയിരിക്കും. ജോലിചെയ്ത് ക്ഷീണിച്ച് നല്ല വിശപ്പോടെ ഭക്ഷണം കഴിയ്ക്കുന്നത് കാണുന്നതുതന്നെ കൗതുകമാണ്.

നിലം രണ്ടു ചാൽ പൂട്ടിക്കഴിഞ്ഞു കട്ട ഉടച്ച നിരത്തുന്നതിന് തടിയിടുക എന്നൊരു പരിപാടിയുണ്ട്. ഭാരമുള്ള ഒരു പരന്ന തടി കട്ടയും മധ്യഭാഗത്ത് ഒരു അലക് ബിംബമായി ഉറപ്പിച്ചിട്ടുള്ളതാണ്.
തടി ഇടുന്നതിനു ഉപകരണം അലക്കിന്റെ അറ്റം കാളയുടെ നുകത്തിൽ ബന്ധിക്കും.

തടിയുടെ ഭാരം കൂട്ടാൻ കുട്ടികളെ ആരെയെങ്കിലും തടിയിൽ കയറ്റിയിരുത്തി കുട്ടികളെ ആരെയെങ്കിലും തടിയിൽ കയറ്റി ഇരുത്തും.

തടിയുടെ മധ്യഭാഗത്ത് അലക്കിൽ ബലമായി പിടിച്ചു കൊണ്ടിരിക്കണം. സൂക്ഷിച്ചിരുന്ന ഇല്ലെങ്കിൽ മലർന്നു വീഴും. ഇടയ്ക്കിടെ കാളകളുടെ വാലിന്റെ അടിയും കിട്ടും. എന്നാലും പുറത്തിറക്കുവാൻ ഒരു അവസരം കിട്ടാൻ ഞങ്ങൾ കാത്തിരിക്കും

അന്ന് വീട്ടിലുണ്ടായിരുന്നു. അപ്പനും അമ്മയും പിന്നെ അമ്മയുടെ മൂത്ത സഹോദരനും ഭാര്യയും രണ്ടുമക്കളും ഇളയ ഒരമ്മാവൻ കൂടിയുണ്ടായിരുന്നു. അദ്ദേഹം പട്ടാളത്തിൽ ചേർന്നിരുന്നു. വലിയമ്മാവൻറെ ഭാര്യയാണ് അമ്മായി. ഞാനും എൻറെ ചേച്ചിയും അമ്മായിയും രണ്ടുമക്കളും ഒന്നിച്ചാണ് കളികളെല്ലാം. പെൺകുട്ടികൾ കഞ്ഞിയും കറിയും വച്ചു കളിയ്ക്കും. ആൺകുട്ടികൾ പീടികക്കാരൻ കളിക്കുക. കളിക്കുന്നതിന് ചിരട്ടയോ ചരടോ ഈർക്കിലി എന്തെങ്കിലും എടുത്താലും അമ്മായി വഴക്കൊന്നും പറയില്ല. വല്യമ്മച്ചി കാണാതെ വേണമെന്നുമാത്രം. വല്യമ്മച്ചി ഗൗരവക്കാരിയാണ്. എല്ലാവരെയും വഴക്കുപറയും. എതിർത്തു പറയാൻ ആരും ധൈര്യപ്പെടുകയില്ല. കുട്ടികളോടുള്ള സ്നേഹം പുറമേ കാണിക്കുകയില്ല. നല്ല പലഹാരങ്ങൾ ഉണ്ടാക്കി അറപ്പുര സൂക്ഷിച്ചുവയ്ക്കും.

എല്ലാം അറയിലാണ് വയ്ക്കുക. അറയുടെ വാതിൽ എപ്പോഴും അടച്ചുപൂട്ടി ഇരിക്കും. അറയുടെ അടിയിലാണ് നിലവറ. ഇതിൽ നല്ല ഇരുട്ടായിരിക്കും. വീടിൻറെ തറനിരപ്പിനു താഴെയുള്ള ഈ മുറിക്കും ഒരു ചെറിയ വാതിൽ മാത്രമാണുള്ളത്. ഇതിൽ കൂടി നൂണ്ടു കടക്കണം. അറയിലും നിലവറയിലും കടക്കാൻ അവസരം കിട്ടാൻ ഞങ്ങൾ കാത്തിരിക്കും. അറയുടെ വാതിൽ തുറക്കുകയും അടയ്ക്കുകയും ചെയ്യുമ്പോൾ ഒരു ശബ്ദമുണ്ടാകും.

നല്ല കേൾവി ഉള്ള വല്യമ്മച്ചി ഉടൻ വിളിച്ചു ചോദിക്കും;
"ആരാ വാതിൽ തുറക്കുന്നത്"?

വളരെ ചുരുക്കമായി അമ്മായി അറിയൽ കയറുന്നത് കണ്ടിട്ടുള്ളൂ. വൈഗ ഞങ്ങളെ വലിയ ഇഷ്ടമാണ്. വെല്യമ്മ കാണാതെ വേണം ഞങ്ങളോട് എന്തെങ്കിലും സംസാരിക്കാൻ. വെല്ലിമ്മച്ചി കണ്ടു പോയാലുടനെ

ശകാരം തുടങ്ങും. അമ്മായി എന്തു ചെയ്താലും ചെയ്തില്ലെങ്കിലും വഴക്കു പറയുകയാണ് വല്യമ്മച്ചിയുടെ ജോലി. വെളുപ്പിനെ എഴുന്നേറ്റാൽ എല്ലാവരും രാത്രി കിടന്നു ഉറങ്ങുന്നതുവരെ ജോലിയാണ്. അമ്മായിക്ക് വെളുപ്പിന് കാളക്ക് കഞ്ഞിവെച്ചു കൊടുക്കണം. അതുകഴിഞ്ഞ് എല്ലായിടവും അടിച്ചുവാരി വൃത്തിയാക്കണം. പിന്നെ അടുക്കളയിലെ പാചകമെല്ലാം എത്ര രുചികരമായി പാകം ചെയ്താലും വല്യമ്മച്ചിയുടെ വഴക്കുണ്ടാകും. കൈയിൽ കിട്ടിയത് കൊണ്ട് അത് വിറ്റ് കഷണമോ തവിയോ ആകാം. അതുകൊണ്ട് കുത്തുകയും അടിക്കുകയും ചെയ്യും. ആരും അതിനെ വിലക്കുക ഇല്ല. അമ്മായി മിക്കപ്പോഴും ആരുംകാണാതെ ഇരുന്ന് കരയുന്നത് കാണും. ചിലപ്പോൾ ആരും കാണാതെ ഞാൻ അടുത്തുചെന്നു ചോദിക്കും;

"എന്തിനാ അമ്മായി കരയുന്നത്" " ഒന്നുമില്ല മോനേ............" വെറുതെ കണ്ണുനീർ തുടച്ചുകൊണ്ട് എന്നെ നോക്കി ചിരിക്കാൻ ശ്രമിക്കും. അത് കാണുമ്പോൾ എൻറെ കണ്ണുനിറയും. ഈ അമ്മച്ചി ഒരു വല്ലാത്ത സ്ത്രീയാ എന്നോട് സ്നേഹമില്ല ഞാൻ എന്ത് ചെയ്താലും അതിനെല്ലാം കുറ്റമാണ് ഞാൻ ആരോട് പറയാൻ ആണ് എല്ലാവരും വല്യമ്മയുടെ പക്കത്താണ്. ദൈവമല്ലാതെ ആരോടും പറയാനില്ല ഞാൻ ഇങ്ങനെ പറഞ്ഞു ആരോടും പറയല്ലേ.

അമ്മായിയുടെ പ്രയാസങ്ങൾ കേൾക്കുമ്പോൾ ഹൃദയം വിങ്ങി പൊട്ടുന്നതായി തോന്നും, "വല്യമ്മച്ചിക്ക് ഞങ്ങളോടൊന്നും സ്നേഹമാണ്" അമ്മായിയോട് എന്താ ഇത്ര ഇഷ്ടക്കേട് രാത്രിയിൽ ചിലപ്പോഴത് ഓർത്തു കരയും.
ഒരുദിവസം അമ്മായിയുടെ അടുത്തുചെന്ന് ഞാൻ പറഞ്ഞു" വല്യമ്മച്ചി ഒരു വല്ലാത്തതാണ്.

" അപ്പോൾ അമ്മായി പറഞ്ഞു "മോനെ അമ്മച്ചിക്ക് എല്ലാവരോടും സ്നേഹം കൊണ്ട് കരുതലുണ്ട് അത് പുറത്തു കാണിക്കുന്ന ഇല്ലെന്നേ ഉള്ളു ഈ വീട്ടിലെ കാര്യങ്ങളെല്ലാം ഭംഗിയായി നടന്നു പോകുന്നത് അമ്മച്ചിയുടെ സാമർത്ഥ്യം കൊണ്ടാണ്". ഇത് കേൾക്കുമ്പോൾ എനിക്ക് അല്പം സമാധാനം ആകും. ഒരിക്കൽ ഞാൻ അമ്മ വീട്ടിൽ ചെന്നപ്പോൾ വല്യമ്മച്ചി അവിടെ ഇല്ലായിരുന്നു .സുഖമില്ലാതിരുന്ന അനുജത്തിയെ കാണാൻ പോയിരിക്കുകയാണ്, മൂന്ന് നാല് ദിവസം കഴിഞ്ഞേ വരുകയുള്ളു. എനിക്ക് വലിയ സന്തോഷമായി വല്യമ്മച്ചിയുടെ ശകാരങ്ങളും അമ്മായിയുടെ കരച്ചിലും നെടുവീർപ്പും കേൾക്കണ്ടല്ലോ. സംഗതികൾ പ്രതീക്ഷിച്ചിരുന്നതുപോലെ ആയിരുന്നില്ല. അവിടെ ആകെയൊരു കുഴച്ചിൽ, സമയത്ത് സമയത്ത് ഭക്ഷണം ലഭിക്കുകയില്ല, കറിളുടെ എല്ലാം നിലവാരം താണുപോയി, പലഹാരങ്ങൾ ഇല്ല. തട്ടു പുരയിൽ പഴക്കുല ഇല്ല. കോഴികൾ ചാമ്പൽ പുരയിലോ കച്ചിതുറുമ്പിന്റെ കീഴിലോ ഇടുന്ന മുട്ടകളിൽ ശ്രദ്ധിച്ച് എടുത്തുവയ്ക്കേണ്ട.

വല്യമ്മച്ചി ഒന്നും ചെയ്യേണ്ട. അടുക്കളയുടെ ഇരുവശത്തുമുള്ള ഒരു ചെറിയ പത്തായത്തിലെ ഒരു കോണിൽ ഇരുന്നാൽ മതി. കുട്ടികൾ അടി പിടികൂടുകയോ ബഹളം വയ്ക്കുകയോ ഇല്ല. എല്ലാവരും അവരവരുടെ ജോലികളിൽ വ്യാപൃതരായിരിക്കും. എവിടെയാണെന്ന് വലിയ പറഞ്ഞാൽ മതി ആരെങ്കിലും എടുത്തുകൊണ്ടുവരും. വല്യമ്മച്ചി അവിടെ ഇരുന്നാൽ മതി അവിടെയെല്ലാം സജീവമാകും ചൈതന്യ പൂർണമാകും.

വർഷങ്ങൾ കഴിഞ്ഞു വല്യമ്മച്ചിയും വല്യപ്പനും മരിച്ചു. അമ്മായിയുടെ മക്കളിൽ ഒരാൾ ബോംബെയിലും ഒരാൾ ദുബായിലും താമസമാക്കി എല്ലാം ആധുനിക സൗകര്യങ്ങളും ഉള്ള അവരുടെ ഫ്ലാറ്റുകളിൽ അമ്മായി പോയി താമസിച്ചിട്ടുണ്ട്. എനിക്ക് അവിടത്തെ താമസം പെട്ടന്ന് മടുക്കും. വേഗം എത്രയുംവേഗം നാട്ടിൽ തിരിച്ചുപോരാൻ ആഗ്രഹിക്കും.

ഒരിക്കൽ ഞാൻ ചോദിച്ചു ഓർക്കുന്നുണ്ടോ വല്യമ്മച്ചിയുടെ കൂടെയുള്ള ജീവിതം അത് മറക്കാനാകുമോ അമ്മായി അമ്മമാർക്കെല്ലാം മരുമക്കളോട് അങ്ങനെയാണ് എന്ത് ചെയ്താലും കുറ്റം അമ്മായി മരുമകൾ ഇല്ല

എനിക്ക് അവരുടെ രീതികൾ ഒന്നും ഒട്ടും ഇഷ്ടമായില്ല അതെന്താന്നു ചോദിച്ചാൽ അത് അങ്ങനെ.

അമ്മായിയുടെ മൃതദേഹത്തിൽ അന്ത്യചുംബനം നൽകിയപ്പോൾ രണ്ട് ചൂടു കണ്ണീർ കണങ്ങൾ മുഖത്ത് വീണപ്പോൾ അമ്മായിയുടെ മുഖത്ത് ഒരു സ്മരിക്കുന്ന തായി എനിക്ക് തോന്നി.

ജെഫിൻ ഡി ജോൺ

VIII B

# അകലുന്ന സ്നേഹം

രാവിന്റെ നിശ്ശബ്ദ യാമങ്ങളിൽ
ഒളിചിതറും ദീപത്തിനരികെ



നിന്നു ഞാനോർക്കുകയായി
അമ്മതൻ പര്യായമാകും

സ്നേഹത്തിന്നീണമിന്നെവിടെ?
അകലുന്ന സ്നേഹങ്ങൾ തൻ

അനന്ദ സാഗരത്തിൽ ഒരു
തിരിയായി തലോടിയുറക്കും ഞാൻ

നിൻ സ്നേഹ ദീപത്തിൽ
പ്രകാശമായി ഞാൻ വന്നിടാം

ലോകത്തിൽ ക്രൂരതയക്കു
മുന്നിൽ അകലുകയാണീ സ്നേഹം

അന്യരുടെ തേങ്ങൽ കാണാതെ
മാതൃത്വത്തിൻ സ്നേഹം അറിയാതെ

നിന്നിൽ നിന്നെന്നേ അകന്നുപോയി
അമ്മതൻ സ്നേഹത്തിൻ
ഈണമാം  മാതൃഭാഷപോലെ

ചിങ്ങമാസത്തിൻ കണവും
ഭേദിക്കാൻ ക്രൂരതയുടെ മുനമ്പുകൾക്കാക്കുമോ?
എവിടെ നിൻ നിലാവൊളികൾ
എവിടെ പോയി മറഞ്ഞു
ഇരുൾമൂടിയ താഴ്വരയിലോ

മഞ്ഞുപൊഴിയുന്ന കുന്നിൻ ചെരുവിലോ
എവിടെ പോയി മറഞ്ഞു

ഇനി എന്നുകിട്ടും സ്നേഹത്തിൻ
സുഗന്ധമാം ഒരു ദിനം കൂടി

യാചിക്കുകയാണ് ഞാൻ
അകലുന്ന സ്നേഹത്തിനു വേണ്ടി
ഇനിയെന്നു കിട്ടും അമ്മതൻ
പര്യായമാം സ്നേഹത്തിനൊരുദിനംകൂടി.

അൽഫോൺസ
VIII A

# വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്നത് ഒരു പരിപൂർണ്ണ വികാസമാണ് വിദ്യാഭ്യാസം ആരംഭിക്കുന്നത് ഗുരുവിൽ നിന്നാണ് പിന്നീട് വിദ്യാഭ്യാസം നേടിയെടുക്കുന്നത് എന്നാരംഭിക്കുന്ന വിദ്യാഭ്യാസത്തോട് നാം കൂടുതൽ ശ്രദ്ധാലുക്കളാണ് വിദ്യ ജീവിതവുമായി കൂടി ആകെ തക്കവിധത്തിൽ ഒരുവനെ വിദ്യാസമ്പന്നൻ ആകുമ്പോഴാണ് പൂർണതയുള്ള വിദ്യാഭ്യാസം ആകുന്നത്. വ്യക്തിത്വ വികസനം ആണ് വിദ്യാഭ്യാസം ലക്ഷ്യമെന്ന് സർ പേഴ്സിനൺ അഭിപ്രായപ്പെടുന്നു ശാരീരികവും മാനസികവും അമ്മയുമായി രംഗങ്ങളിൽ വളർച്ചയും വികാസവും കൈവരിക്കാൻ വിദ്യാഭ്യാസംകൊണ്ട് ഒരുവന് കഴിയണം മനുഷ്യൻറെ ജന്മസിദ്ധമായ കഴിവുകൾ വാസനകളും ഉണർത്തുവാൻ വിദ്യാഭ്യാസം ചെയ്യുന്ന സേവനം വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളും സാധ്യതകളും കണ്ടെത്തി അവയെ പരമാവധി വികസിപ്പിക്കുന്നതിനായി ആയിരിക്കണം വിദ്യാഭ്യാസം ശ്രദ്ധിക്കേണ്ടത് ഗ്യാസ് സ്റ്റീ ലക്ഷ്യങ്ങളെ വിലയിരുത്തുമ്പോൾ ആദ്യമായാണ് ആദ്യമായി നമ്മുടെ മുൻപിൽ എത്തുന്നത് വസ്തുത തൊഴിൽ സംവാദമാണ് മനുഷ്യൻറെ പ്രാഥമിക ആവശ്യങ്ങൾ നേടാൻ എങ്കിലും വിദ്യാഭ്യാസം ഉപകരിക്കണം ഉപജീവനമാർഗം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ വിദ്യാഭ്യാസം പരാജയപ്പെടുന്നു ഇത്തരുണത്തിലാണ് ഗാന്ധിജിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യമേറുന്നത് പ്രവർത്തിക്കുവാനുള്ള കഴിവാണ് വിദ്യാഭ്യാസം എന്നാൽ സോക്രട്ടീസ് അഭിപ്രായപ്പെടുന്നു



# ഒരു മയിൽ പീലിയുടെ ഓർമ്മയ്ക്ക്

പടിവാതിലിൽ നിന്റെ കാലൊച്ച കേട്ടു ഞാൻ
പഴയ മയിൽപീലിയെടുത്തുവച്ചു
മനസ്സിൻറെ തംമ്പുരുമീട്ടിതുടങ്ങിനാൽ
മലരേ നിൻ സ്മൃതിയിലൂടെ.



മീനമാസത്തിൽ ചൂടുള്ള സ്മേരത്തിൽ
ചെത്തിമിനുക്കിയ സുന്ദരവീഥിയിൽ
അതിലോലമാം നിൻ കാലൊച്ചക്കേൾക്കവേ
അറിയാതെയാർദ്രതയായ്  മാറിഞാനും.

പൂർണ്ണിമയിലുള്ള നിലാവിനെ പോലെ നീ
പുഞ്ചിരി തൂവിയതോർത്തിടുന്നു
അറിയാതെയറിയാതെ നിന്നോടടുത്തുപോയ്
അകലാതെയെന്നും അടുത്തു നിൽക്കാൻ

എരിയുന്ന വേനലിൽ നിന്റെ കരാംഗുലി
തരളമായി സ്പർശിച്ചതോർത്തിടുന്നു.
അന്നു നീ നൽകിയ സ്നേഹമിന്നും ഞാൻ
മനസിന്റെ കോണിലൊളിച്ചു  വച്ചു.

പിന്നെയുമെത്രയോ സുന്ദരനിമിഷങ്ങൾ,
മനസ്സിൻറെ ഏട്ടിൽ പിറന്നുവീണു.
എന്നാലതേമാത്രയിൽ തന്നെയെൻ
മനസ്സിൽനിന്നുമതകന്നുപോയി.
പിരിയുന്ന നേരത്തു നീ തന്ന പീലി ഞാൻ
മാറോടുചേർത്തു കാത്തിടുന്നു.

ഇന്നുമാ പീലിയെൻ പുസ്തകത്താളിൽ
മയങ്ങിക്കിടക്കുന്ന സന്ധ്യയാണ്.

ഇനിയെന്നു കാണുമെന്നോമനേ, നിന്നെ ഞാൻ
ഇടറുന്ന കണ്ഠത്താൽ പാടിടുന്നു.
നീയെന്ന സൂര്യനെലാളിച്ചു കൊണ്ടു ഞാൻ
ഈ പൃഥ്വിതന്നിൽ മരിച്ചു വീഴും.

അന്നുമെന്നാത്മവ് നിന്നോടു മന്ത്രിക്കും
മരന്തമേ; നിന്നെ ഞാൻ നുകർന്നിരുന്നു.
കത്തിയെരിയുമീ ഗ്രീഷ്മത്തിനപ്പുറം
നല്ലൊരു പൂക്കാലമായിരിക്കാം.

ആ മയിൽപീലി തൻ സുന്ദരസ്മൃതിയിൽ
നിന്നുടെ വദനം വിടർന്നു നിൽക്കും!
എന്റെയീ പുസ്തകത്തിന്റെ ദളങ്ങളിൽ
എന്നുമാ പുഞ്ചിരി മായാതെ നിൽക്കും.

അതുല്യ

8 A

# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ആവശ്യകതയും പ്രസക്തിയും



വിശുദ്ധ വിദ്യാഭ്യാസത്തിൻറെ ആവശ്യകതയും പ്രസക്തി ഏറി വരുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത് സമൂഹത്തിലെ പൊതു നന്മ ലക്ഷ്യമാക്കി സദാചാര മൂല്യങ്ങൾ സന്മാർഗം മുന്നേറ്റങ്ങൾ എന്നൊക്കെ നാഥനെ വിവരിക്കാറുണ്ട് സാമൂഹ്യജീവി എന്ന നിലയിൽ ആ മൂല്യങ്ങളെ അനുവദിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ് എന്നാൽ പുതിയ തലമുറയിൽ മൂല്യങ്ങളിൽ നിരസിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർധിച്ചുവരുന്നത് പരസ്യം വളർത്തുന്ന അമിതമായ സ്വാതന്ത്ര്യബോധവും സ്വാർത്ഥതയും ആണ് മനുഷ്യനെ മൂല്യങ്ങളിൽ നിന്നും ആഗ്രഹിക്കുന്നത് സ്വന്തം കാര്യം നേടാൻ വേണ്ടി എന്ത് ഹീനമാർഗവും സ്വീകരിക്കാൻ മടികാട്ടാത്ത മറ്റൊരാളെ എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കാത്തത് സ്നേഹമാണ് പ്രകടിപ്പിക്കുന്നത് പക്ഷേ ഒരുകാര്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു നഷ്ടപ്പെട്ടാൽ സമൂഹത്തിന് അന്ത്യനാളിൽ നിലനിൽപ്പില്ല ചരിത്രം നിരവധി തവണ അവതരിച്ചിട്ടുണ്ട് നഷ്ടപ്പെട്ടുമ്പോഴാണ് ദേവിക പുരുഷന്മാർ അവതരിച്ചതെന്ന് പുരാണം നമ്മെ പഠിപ്പിക്കുന്നത് മുതൽ സംരക്ഷിക്കേണ്ടത് ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുന്നത് സമര കാത്തിരിക്കുകയാണ് നമ്മുടെ ഇടയിൽ തന്നെ ജീവിക്കുന്ന അമൂല്യ സംരക്ഷകരെ മനസ്സിലാക്കുകയും അവിടെ പ്രവർത്തനങ്ങൾ അവരുടെ പിന്തുടരുകയുമാണ് വേണ്ടത് ഈ അവസരത്തിൽ മൂല്യങ്ങൾ സംരക്ഷിക്കാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രധാനപങ്കുണ്ട് സത്യം ധർമ്മം നീതി വിദ്യാർത്ഥികൾ സ്വീകരിക്കേണ്ട തന്നെയാണ് കുട്ടികളിലും മുതിർന്നവരിലും ഉള്ള ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസമെന്ന ഗാന്ധിജിയുടെ അഭിപ്രായം വിദ്യാഭ്യാസത്തെ ആവശ്യകതയും പ്രസക്തിയും എത്ര മാനവിക മൂല്യങ്ങൾ ഉൾക്കൊണ്ട് സമൂഹത്തെ നേർവഴിയിലേക്ക് നയിക്കാൻ കഴിയുന്ന ഒരു തലമുറയെ വളർത്തിയെടുക്കാൻ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് കഴിയണം ലക്ഷ്യത്തിലെത്താൻ ഒറ്റക്കെട്ടായി ഒറ്റമനസ്സോടെ പ്രവർത്തിക്കാം.

പ്രിജി പ്രമോദ് X A

# പൂനിലാവ്

പുഞ്ചിരിക്കുന്നൊരു പൂനിലാവേ നിനക്കെങ്ങനെ കിട്ടിയീ

പാൽ പുഞ്ചിരി

പ്രകൃതിയോടുള്ള നിൻ തോഷമാണോ



അതോ രാത്രിയോടുള്ള നിൻ

മമതയാണോ

ചൊല്ലുക ചൊല്ലുക പൂനിലാവേ

നിനക്കെങ്ങനെ

കിട്ടിയീ പാൽ പുഞ്ചിരി

എവിടെ നിന്നോമലേ നീ വരുന്നു

എവിടേക്കാണോമലേ പോയിടുന്നു

എത്ര മനോരമ്യം നിൻ പുഞ്ചിരി

എന്നുള്ളിനെ ആകെ മദിച്ചിടുന്നു

ജയശ്രീ സി ജി

# പ്രകൃതി സംരക്ഷണം

പ്രകൃതി അമ്മയാണ്. അമ്മയെ മാനഭംഗപ്പെടുത്തരുത്. പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിന് കാരണമാകും. പരിസ്ഥിതി സംരക്ഷണത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിക്കാനുള്ള അവസരമായി ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1972 മുതലാണ് ലോക പരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങുന്നത്.

എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ശുദ്ധജലവും ജൈവ വൈവിദ്ധ്യത്തിൻറെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട് എന്ന സങ്കൽപ്പമാണ് ലോക പരിസ്ഥിതി ദിനത്തിൻറെ കാതൽ. പ്രതീക്ഷ കൈവിടാതെ മലിനീകരണത്തിനെതിരായും വന നശീകരണത്തിനെതിരായും പ്രവൃത്തിക്കുകയാണ് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗ്ഗം. ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസ കേന്ദ്രമായി നിലനിർത്തുകയും സുഖദവും ശീതളവുമായ ഒരു ഹരിതകേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.




നഗരങ്ങളെല്ലാം മലിനീകരണത്തിൻറെ മാരക ഫലങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. കൂടുതൽ ആളുകൾ നഗരങ്ങളിൽ താമസിക്കുന്നത് കുടിവെള്ളത്തിനും ശുചീകരണത്തിനും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതോടൊപ്പം ആരോഗ്യ പ്രശ്നങ്ങൾ ഏറി വരികയും ചെയ്യുന്നു. മനുഷ്യ വംശത്തെ തന്നെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരക രോഗങ്ങൾ പടർന്നുപിടിക്കുന്നു. സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിയ്ക്ക് വികസനം അനിവാര്യമാണ്. ഈ വികസന പ്രക്രിയ പലപ്പോഴും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാറുണ്ട്. അതുകൊണ്ടു തന്നെ പരിസ്ഥിതി

സംരക്ഷണത്തെ കഴിയുന്നത്ര ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കണം വികസനം നടപ്പിലാക്കേണ്ടത്.

മനുഷ്യൻ സ്വീകരിച്ച വരുന്ന അനഭിലഷീണയവും അശാസ്ത്രീയവുമായ വികസനപ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയുടെയും ഭൂമിയുടെ തന്നെയും നിലനിൽപ്പ് അപകടത്തിലായേക്കാം. ഭൂമിയിലെ ചൂടിൻറെ വർദ്ധന, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, ഉപയോഗശൂന്യമായ മരുഭൂമികളുടെ വർദ്ധന, ശുദ്ധജലക്ഷാമം, ജൈവൈവിദ്ധ്യ ശോഷണം തുടങ്ങി ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മെ അലട്ടുന്നുണ്ട്.
ഭൂമിയിലെ ചൂട് വർദ്ധിക്കുന്നതിൻറെ പ്രധാന കാരണം അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിൻറെ വർദ്ധനയാണ്. ഭൂമിയുടെ അന്തരീക്ഷത്തിലേയ്ക്ക് ഓരോ വർഷവും വ്യാപിക്കുന്ന ഏതാണ്ട് 2300 കോടി ടൺ കാർബൺ ഡയോക്സൈഡിൻറെ 97 ശതമാനത്തോളം വികസിത രാജ്യങ്ങളുടെ സംഭാവനയാണ്.

ഈ വാതകം അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്ന ആവരണം ഊഷ്മാവിൻറെ പ്രവാഹത്തെ തടഞ്ഞുനിർത്തി അന്തരീക്ഷതാപം വർദ്ധിപ്പിക്കുന്നു. ഇതുമൂലം മഞ്ഞുമലകൾ ഉരുകി സമുദ്രജലവിതാനം ഉയരുന്നതിനിടയാക്കുന്നു. ഇത് തീരദേശത്ത് താമസിക്കുന്നവർക്ക് അപകടകരമാണെന്ന് പ്രത്യേകം പറയണ്ടേതില്ല. കൂടാതെ ആഗോളകാലാവസ്ഥയിലും ഇത് അനാരോഗ്യകരമായ വ്യതിയാനങ്ങൾ സൃഷ്ടിയ്ക്കുന്നു.
ഭൂമിയിൽ അനേകായിരം വർഷങ്ങളായി സ്വാഭാവികമായി സംഭവിച്ചുകൊണ്ടിരിക്കുന്ന രാസ ജൈവ പരിവർത്തനങ്ങളുടെ ഫലമായാണ് കൃഷിയ്ക്ക് ഉപയുക്തമായ നമ്മുടെ മണ്ണ് രൂപം കൊണ്ടത്. വിവിധ രാജ്യങ്ങൾ ആധുനിക കാലഘട്ടത്തിൽ കാർഷികോൽപ്പാദനത്തിന് സ്വീകരിച്ച ഊർജ്ജിത നവീന സമ്പ്രദായങ്ങൾ ഭൂമിയുടെ ഫലഭൂയിഷ്ഠതയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിനകം ലോകത്ത് ഒട്ടേറെ ഏതാണ്ട് 3000 ദശലക്ഷം ഏക്കർ കൃഷിഭൂമി ഉപയോഗ്യമല്ലാതായിരിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാണ്. പേമാരി മൂലമുണ്ടാകുന്ന ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മണ്ണൊലിപ്പും ഭൂമിയുടെ ഫലപുഷ്ടിയെ ഹനിക്കുന്നു. വരൾച്ച, വനനശീകരണം, അനാരോഗ്യകരമായ ഭൂവിനിയോഗം

തുടങ്ങിയവയും നാശോന്മുഖമായ ദിശയിലേക്കാണ് നമ്മെ നയിക്കുന്നത്.

വനനശീകരണമാണ് പരിസ്ഥിതി സംരക്ഷണത്തെ വിപരീതമായി ബാധിക്കുന്ന

ഒരു പ്രധാനഘടകം. ഇന്ത്യയിൽ വനപ്രദേശത്തിൻറെ വിസ്തൃതി കുറഞ്ഞ് വരികയാണ്. വനനശീകരണത്തെ തടയുകയും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും വഴി മാത്രമേ ഈ ദുഃസ്ഥിതി തടയാൻ കഴിയൂ. വൃക്ഷങ്ങൾ അന്തരീക്ഷത്തിൽ നിന്ന് കാർബൺ ഡയോക്സൈഡ് സ്വീകരിച്ച് താപനില നിയന്ത്രിക്കുന്നതിന് സഹായിക്കുന്നു.
വെള്ളത്തിൻറെയും വായുവിൻറെയും പരിശുദ്ധിയും ലഭ്യതയും നിലനിർത്തുന്നതിനും വനങ്ങൾ പ്രയോജനപ്പെടുന്നു. ദിനംപ്രതി 7500 ഏക്കറോളം കാട് നശിക്കപ്പെടുന്നതായി ഒരു റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഒട്ടേറെ ജീവജാലങ്ങൾക്ക് ഇതുമൂലം വംശനാശം സംഭവിക്കുന്നു. ഭൂമിയിൽ ലഭ്യമായ ജലത്തിൻറെ 97 ശതമാനവും ഉപ്പുവെള്ളമാണെന്നരിക്കെ കുടിവെള്ളത്തിൻറെ ലഭ്യത വളരെ പരിമിതമാണ്. നിയന്ത്രണാതീതമായ ജലവിനിയോഗവും ജലമലിനീകരണവും മൂലം ശുദ്ധജലത്തിൻറെ അളവ് ക്രമാതീതമായി കുറയുകയും മനുഷ്യർ മലിനജലം ഉപയോഗിക്കാൻ നിർബന്ധിതരാകുകയും ചെയ്യുന്നു.
ജലമലിനീകരണം, ഖരമാലിന്യത്തിൻറെ നിർമ്മാർജ്ജന പ്രശ്നങ്ങൾ, മണ്ണിടിച്ചിൽ, മണ്ണൊലിപ്പ്, അതിവൃഷ്ടി, വരൾച്ച, പുഴമണ്ണ് ഖനനം, വ്യവസായവൽക്കരണം മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം, വർണ്ണമഴ, ഭൂമികുലുക്കം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ പരിസ്ഥിതി സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുന്നു.

**അമീഷ**

VIII B

# വെള്ളപ്പൊക്കത്തിൽ

അന്ന് വെള്ളിയാഴ്ച പതിവിലും നേരത്തേ അപ്പു ഉണർന്നു. തലേദിവസം വെള്ളം കണ്ട സന്തോഷം അവന് കുറച്ചൊന്നുമല്ലായിരുന്നു. തന്റെ വീടിന്റെ പരിസരമാകെ വെള്ളം .വെള്ളത്തിൽ കളിക്കണം എന്നോർത്താണ് അവൻ രാവിലെ ഉണർന്നത്. അവൻ ഉണർന്നപ്പോൾ വീട്ടിലും, അയൽപക്കത്തെ വീടുകളിലും ധാരാളം ആൾക്കാരുണ്ട് .അപ്പുവിന് ആഹ്ലാദം അലതല്ലി. അവന്റെ ബന്ധുക്കളും കുട്ടികളും എല്ലാം വീട്ടിലുണ്ട് .എല്ലാവരും ചേർന്ന് കളിക്കാം എന്ന ചിന്ത അപ്പുവിന് കൂടുതൽ ആവേശം കൊടുത്തു.വെള്ളത്തിൽ കളിക്കാനായി വെളിയിലേക്ക് ഇറങ്ങിയപ്പോൾ അമ്മയും അച്ഛനും വഴക്കു പറഞ്ഞു. എന്നാലും വെള്ളത്തിൽ അകപ്പെട്ടവരെ രക്ഷിയ്ക്കാനായി കുറേ ചേട്ടന്മാർ പോകുന്നതു കണ്ടു. കൂട്ടത്തിൽ പോകണമെന്നുണ്ടായിരുന്നു. വീടിനു അടുത്തുള്ള സ്റ്റോപ്പിൽ അച്ഛനോടൊപ്പം പോയി.എന്നാൽ അവിടുത്തെ വെയിറ്റിംഗ് ഷെഡ് ഒന്നും തന്നെ കാണുവാൻ കഴിഞ്ഞില്ല. അതുവഴി വളരെ ശക്തമായ ഒഴുക്കായിരുന്നു.ഉച്ച കഴിഞ്ഞപ്പോഴേക്കും ബോട്ട് സർവീസ് തുടങ്ങി. ഞങ്ങൾ എല്ലാവരും അത് കാണാനായി വെള്ളത്തിൽകൂടി പോയി . അപ്പുവിന്റെ സന്തോഷം ഇരട്ടിച്ചു.എന്നാൽ അത് അധികസമയം നീണ്ടുനിന്നില്ല. അപ്പുവിന്റെ വല്യപ്പച്ചന്റെ വീട്ടിൽ വെള്ളം കയറി. എന്നാൽ അവിടേക്ക് ഒരു ബോട്ടിനും ചെല്ലാൻ പറ്റാത്ത അവസ്ഥയായിരുന്നു. അയൽപക്കക്കാർ നേരത്തെ അവിടെ നിന്നു രക്ഷപെടാൻ വിളിച്ചതാണ് എന്നാൽ വീടുവിട്ട് വരുന്നില്ലെന്നും ഇവിടെ വെള്ളം ഇതുവരെയും കയറിയിട്ടില്ല എന്നു പറഞ്ഞ് അവിടെത്തന്നെ തങ്ങുകയായിരുന്നു. രണ്ടുമൂന്നുദിവസം അവിടെത്തന്നെ തങ്ങി. അപ്പോഴേയ്ക്കും കഴിക്കാനും കുടിക്കാനും ഒന്നുമില്ലാതായി. ഫോണിൽ ബന്ധപ്പെടാനും സാധിക്കാതെയായി . പിന്നെ നേവിയുടെ സഹായത്തോടെ ചെറിയ ബോട്ട് കൊണ്ടുവന്നു.കുറെ ആൾക്കാരും അവരുടെ



കൂടെ പോയി. വലിയ ബുദ്ധിമുട്ട് സഹിച്ചാണെങ്കിലും വല്യപ്പച്ചനെ രക്ഷിച്ചു കൊണ്ടുവന്നപ്പോഴാണ് അപ്പുവിന് ആശ്വാസമായത്.

## പഴഞ്ചൊല്ലുകൾ

1 അകത്തിട്ടാൽ പുറത്തറിയാം

2 അകത്തു കത്തിയും പുറത്തു പത്തിയും

3 അകപ്പെട്ടവന് അഷ്ടമരാശി,ഓടിപ്പോയവനു ഒമ്പതാമെടത്തു വ്യാഴം

4 അകപ്പെട്ടാൽ പന്നിചുരയ്ക്കാ

5 അകലെ കൊള്ളാത്തവൻ അടുക്കലും കൊള്ളുകയില്ലാ

6 അകലെ പോന്നവനെ അരികെവിളിച്ചാൽ അരക്കാത്തുട്ടുചേതം

7 അകൗശലലക്ഷണം സാധനദൂഷ്യം

8 അക്കരനിന്നവൻ തോണിഉരുട്ടി

9 അക്കരനിൽക്കുന്ന പട്ടർ തോണിമുക്കി

10 അക്കരെ മാവിലോൻ കെണിവച്ചിട്ടു എന്നോടോ ക്ലരാ കണ്ണുമിഴിക്കുന്നു

11 അക്കരെനിൽക്കുമ്പോൾ ഇക്കരെപച്ച,ഇക്കരെ നിൽക്കുമ്പോൾ അക്കരെപച്ച

12 അങ്കവും കാണാം താളിയും ഒടിക്കാം

13 അങ്ങാടിത്തോലിയം അമ്മയോടൊ?

14 അങ്ങാടിയിൽ തോറ്റാൽ അമ്മയ്ക്കു കുറ്റം.

15 അങ്ങാടിയിലാനവന്നതുപോലെ.

16 അങ്ങില്ലാപൊങ്ങിന്റെ വേർകിളക്കുക.

17 അങ്ങുന്നെങ്ങാൻവെള്ളമൊഴുകുന്നതിന് ഇങ്ങുന്നുചെരിപ്പഴിക്കണമൊ.

18 അങ്ങുമുണ്ടു ഇങ്ങുമുണ്ടു വെന്തചോറ്റിനു പംകുമുണ്ടു.

19 അച്ചനുക്കച്ചൻവരുമ്പോൾ കൊച്ചച്ചൻപരിയത്തു.

20 അച്ചനെ കുത്തിയ കാള ചെറുക്കനെയും കുത്തും.

# ബാലവേല

ബാലവേല നിയമം അനുവദിക്കുന്നില്ലെങ്കിലും നിയമപാലകർ കണ്ണടച്ചിമ്മുകയാണ്. 2006 ലാണ് കുട്ടികളെക്കൊണ്ട് വീട്ടുപണിയെടുപ്പിക്കുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടത്. അഞ്ചു വർഷം മുമ്പാണ് കുട്ടികൾ ചവറുപെറുക്കുന്നത് നിരോധിച്ചത്. എന്നാൽ 14 വയസിന് മുകളിലുള്ള കുട്ടികൾക്ക് ഏതു വലിയ ജോലി ചെയ്യാനും ഇവിടെ ഒരു നിയമവും ഇല്ല. ഭാരതത്തിൽ ഒരു വ്യക്തിയ്ക്ക് പൗരവകാശം നൽകുന്നത് 18 വയസ് തികഞ്ഞാലാണ്. അതിനർത്ഥം അതിന്റെ മുമ്പ് അവൻ കുട്ടിയാണ്. സ്വന്തമായി തീരുമാനങ്ങളെടുക്കാനായിട്ടില്ലെന്നാണ്. എന്നാൽ 14 വയസ് തികഞ്ഞ കുട്ടികളെ കൊണ്ട് ഏത് ജോലി ചെയ്യിപ്പിക്കാം എന്നാണ് ഇപ്പോഴുള്ളത്. ഇതു പറയുമ്പോൾ 14 വയസു വരെയുള്ള കുട്ടികളെ കൊണ്ട് ഇപ്പോൾ ജോലിയൊന്നും ചെയ്യിക്കുന്നില്ലെന്ന് തെറ്റിദ്ധരിക്കരുത്. ഏകദേശം 50 ലക്ഷം കുട്ടികൾ ഇപ്പോഴും തൊഴിൽ രംഗത്ത് സജീവമാണെന്നാണ് ഒടിവിലത്തെ കണക്കുകൾ പറയുന്നത്. എന്നാൽ ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികളുടെ കണക്ക് ഇതിനേക്കാൾ കൂടുതലാണെന്നാണ് കുട്ടികളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവർ പറയുന്നത്. സ്കൂളിൽ പോവാത്ത കുട്ടികളെല്ലാവരും തന്നെ ആരും കാണാത്ത ബാലവേലക്കാരാണെന്നാണ്. ബാലവേലക്കാരുടെ കണക്കിൽപ്പെട്ട കുട്ടികളുടെ എണ്ണത്തിന്റെ നാലിരട്ടിയായിരിക്കും ഇത്തരം കുട്ടികൾ. നാലും അഞ്ചും വയസു മുതൽ ബാലവേല തുടങ്ങുന്നവെന്നാണ് പുതിയ റിപോർട്ടുകൾ സൂചിപ്പിക്കുന്നത്.



രേഖപ്പെടുത്തിയിട്ടുള്ള ബാലവേലക്കാരിൽ മൂന്നിലൊന്നുപേർ വ്യവസായമേഖലകളിലാണ് ജോലിചെയ്യുന്നത്. വിഷമകരമായ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള മൊത്തം കുട്ടികളിൽ നല്ലൊരു വിഭാഗം പാൻ, ബീഡി, സിഗരറ്റ് വ്യവസായങ്ങളിലും നിർമാണമേഖലയിലും വീട്ടുവേലക്കാരായുമാണു പണിയെടുക്കുന്നത്. രേഖപ്പെടുത്തിയിട്ടുള്ള മൊത്തം ബാലവേലക്കാരിൽ ഏറ്റവും കൂടുതൽ കാർഷികമേഖലയിലാണ്. ഈ കുട്ടികൾ കൃഷിയിടങ്ങളിൽ നീണ്ട മണിക്കൂറുകൾ ചെലവഴിക്കുകയും കീടനാശിനികളും മറ്റു രാസപദാർഥങ്ങളും ഉള്ളിലേക്കു വലിച്ചെടുക്കുന്നതിന്റെ ദോഷഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. ഇതുമൂലം പെൺകുട്ടികളും 10 വയസിനും 12 വയസിനുമിടയ്ക്കുള്ള ഇളംപ്രായത്തിൽ ശാരീരികവും ലൈംഗികവുമായ അതിക്രമങ്ങൾക്കു വിധേയരാവുക പോലും ചെയ്യുന്നു.....

റിന്റോ പോൾ

IX B

# മാലിന്യ മുക്ത ഭാരതം സുന്ദര ഭാരതം